LIBRARY ARCHIVES Kerala Legislative Assembly

കമ്മ്യൂണിറ്റി കോൾളജ് പദ്ധതി

120 (7087) ശ്രീ. എസ്. ശർമ്മ :
ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കമ്മ്യൂണിറ്റി കോളേജ് പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) പദ്ധതിപ്രകാരം രൂപവത്കരിക്കുന്ന ബോർഡ് ഓഫ് സ്റ്റഡീസിന്റെ ഘടന വിശദമാക്കാമോ ;

(സി) അതിൽ വിദ്യാർത്ഥി-അദ്ധ്യാപക സംഘടനകൾക്ക് പ്രാതിനിധ്യം നൽകുമോ ;

(ഡി) പാഠ്യപദ്ധതി തയ്യാറാക്കലും പരീക്ഷ നടത്തിപ്പും മൂല്യനിർണ്ണയവും അതേ കോളേജിലെ അദ്ധ്യാപകർ നടത്തുന്ന രീതി വിദ്യാഭ്യാസത്തിന്റെ മൂല്യശോഷണത്തിന് വഴിവെയ്ക്കും എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ?

ഉത്തരം

(എ) തീരുമാനിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ പദ്ധതിയായ കമ്മ്യൂണിറ്റി കോളേജ് സ്കീം, സംസ്ഥാനത്തെ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനമായ പോളിടെക്നിക്കുകൾ, സമീപത്തുള്ള ആർട്ട്സ് ആന്റ് സയൻസ് കോളേജുകൾ, വ്യവസായസ്ഥാപനങ്ങൾ എന്നിവയുടെ സംയുക്ത പദ്ധതിയാണ്. തുടക്കമെന്ന നിലയിൽ കേരളത്തിൽ അഞ്ചു സ്ഥലങ്ങളിൽ ഇക്കൊല്ലം കമ്മ്യൂണിറ്റി കോളേജ് സ്കീം നടപ്പിലാക്കാനുള്ള നടപടികൾ നടന്നുവരുന്നു. (ആറ്റിങ്ങൽ, കോട്ടയം, തൃശ്ശൂർ, ഷൊർണ്ണൂർ, പെരിന്തൽമണ്ണ.)

(ബി) ബോർഡ് ഓഫ് സ്റ്റഡീസിലെ അംഗങ്ങൾ താഴെപ്പറയുന്നവരാണ്.

1. സ്ഥാപനമേധാവി.

2. അനുബന്ധ വിദ്യാഭ്യാസ മേഖലയിലെ സ്ഥാപനത്തിന്റെ വകുപ്പ് മേധാവി.

3. ആർട്സ് ആന്റ് സയൻസ് കോളേജിലെ പ്രതിനിധി.

4. വ്യവസായ സ്ഥാപനത്തിന്റെ പ്രതിനിധി.

5. സാങ്കേതിക വിദ്യാഭ്യാസ കാര്യാലയത്തിലെ കരിക്കുലം ഡെവലപ്പ്മെന്റ് സെന്റർ പ്രതിനിധി.

(സി) നിലവിൽ വിദ്യാർത്ഥി-അദ്ധ്യാപക സംഘടനകൾക്ക് ബോർഡ് ഓഫ് സ്റ്റഡീസിൽ പ്രാതിനിധ്യം നൽകാൻ തീരുമാനിച്ചിട്ടില്ല.

(ഡി) കമ്മ്യൂണിറ്റി കോളേജ് സ്കീം പാഠ്യപദ്ധതി തയ്യാറാക്കിയിട്ടുള്ളത് സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ കളമശ്ശേരിയിൽ പ്രവർത്തിക്കുന്ന കരിക്കുലം ഡവലെപ്പ്മെന്റ് സെന്ററാണ്. അതാത് സ്ഥാപനങ്ങളിലെ പ്രമുഖർ വ്യവസായ മേഖലയിലെ പ്രതിനിധികൾ എന്നിവർ തമ്മിൽ വിവിധതലങ്ങളിൽ നടത്തിയ ചർച്ചയും വ്യവസായ സ്ഥാപനങ്ങളിലെ ആവശ്യങ്ങളും പരിഗണിച്ചാണ് തയ്യാറാക്കിയിട്ടുള്ളത്. മൂല്യനിർണ്ണയവും, സർട്ടിഫിക്കറ്റ് വിതരണവും മറ്റും ചെയ്യുന്നത് സാങ്കേതിക പരീക്ഷാ കൺട്രോളറുടെ മേൽനോട്ടത്തിലാണ്. ഒരു തരത്തിലുമുള്ള മൂല്യശോഷണവും ഈ കാര്യത്തിൽ ഉണ്ടാവില്ലെന്ന് കരുതുന്നു.

കോളേജ് ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം

121 (7089) ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. ജോസഫ് വാഴക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോളേജ് ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ നൽകുമോ ;

(സി) ഏതെല്ലാം കോളേജുകളിലാണ് ഇത് നടപ്പിലാക്കാനുദ്ദേശിക്കുന്നത് ;

(ഡി) നാക് റേറ്റിംഗ് ലഭിക്കുന്നതിന് പ്രസ്തുത പദ്ധതി എത്രമാത്രം സഹായകരമാകുമെന്നാണ് പ്രതീക്ഷിക്കുന്നത് ?

ഉത്തരം

(എ&ബി) കോളേജ് ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം 2012-13 സാമ്പത്തിക വർഷത്തിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതിയിലൂടെ നാക് അക്രെഡിറ്റേഷൻ കിട്ടാത്ത സ്ഥാപനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്താൻ ലക്ഷ്യമിടുന്നു. പന്ത്രണ്ടാം പദ്ധതിയിൽ നാക് അംഗീകാരം ലഭിക്കുന്നതിനായി മണ്ടോ, മുന്നോ കോളേജുകളെ ഓരോ വർഷവും സജ്ജമാക്കി തൊട്ടടുത്ത വർഷത്തിൽ പ്രസ്തുത കോളേജുകളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനായി മുൻകൂട്ടി പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു കൂടി പദ്ധതി വിഭാവനം ചെയ്യുന്നു. അനുവദിക്കുന്ന തുകയിൽ 75% തുക അടിസ്ഥാന സൗകര്യ വികസനത്തിനും 25% തുക മറ്റു പ്രവൃത്തികൾക്കും ഉപയോഗിക്കാവുന്നതാണ്.

(സി) 2012-13 സാമ്പത്തിക വർഷത്തിൽ ആരംഭിച്ച ഈ പദ്ധതിയിൽ ഗവൺമെന്റ് കോളേജ് മൂന്നാർ, ഗവൺമെന്റ് കോളേജ്,കോട്ടയം, ഗവൺമെന്റ് കോളേജ് ചിറ്റൂർ, ഗവൺമെന്റ് കോളേജ് തിരൂർ, പി.ടി.എം ഗവൺമെന്റ്

LIBRARY ARCHIVES Kerala Legislative Assembly